**ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

ഹാജർ: ആസിഫ് കെ യൂസഫ് IAS

ക്ഷീര വികസന വകുപ്പ്- ജീവനക്കാര്യം- ശ്രീ. മധു ആർ നായർ, ക്ഷീര വികസന ഓഫീസർ - രാജി അപേക്ഷ സമർപ്പിച്ചത് - രാജി സ്വീകരിച്ച് അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം.DDDKER/11386/2020-ES1 തിരുവനന്തപുരം,തീയതി:03-09-2024

---

പരാമർശം:- 1. ഈ ഓഫീസിലെ 22.03.2013, 05.12.2017, 26.12.2018, 22.01.2020 തീയതികളിലെ ഇ എസ്1/14163/2013/ , ഇ എസ്1/21052/17/ഡി.ഡിസ്, ഇ എസ്1/22511/18/ഡി.ഡിസ്, ഇ എസ്1/631/2020/ഡി.ഡിസ് നം. ഉത്തരവുകൾ

2. സ.ഉ(അ) നം. 152/2020/ധന. തീയതി. 05.11.2020

3. 02.07.2021 ലെ ഡി1/157/2021/ഡിഡി നം. സർക്കാർ കത്ത്.

4. ശ്രീ. മധു ആർ നായർ ഫയൽ ചെയ്ത OA(EKM) 1447/2021 ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 06.10.2021 ലെ അന്തിമ ഉത്തരവ്.

5. സ.ഉ(സാധാ) നം. 19/2022/ഡിഡി. തീയതി. 18.02.2022

6. ശ്രീ. മധു ആർ നായരുടെ 21.08.2022 ലെ കത്ത്.

7. 01.06.2023 ലെ ഡി1/186/2021-ഡിഡി നം. കത്ത്.

8. അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരളയുടെ 19.09.2023 ലെ GE16/E/DAIRY/1017674/418 നം. കത്ത്.

9. കോഴിക്കോട് ഡി റ്റി സി പ്രിൻസിപ്പാളിന്റെ 27.10.2023 ലെ DTCKZD/215/2023-A നം. കത്ത്.

**ഉത്തരവ്**

ക്ഷീര വികസന വകുപ്പിൽ ക്ഷീര വികസന ഓഫീസറായിരുന്ന ശ്രീ. മധു ആർ നായർക്ക് 26.03.2013 മുതൽ 25.03.2021 വരെ ശൂന്യവേതനാവധി അനുവദിച്ച് മേൽ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. മേൽ പരാമർശം (2) ഉത്തരവ് പ്രകാരം കെ എസ് ആർ പാർട്ട് I അനുബന്ധം XII എ / സി പ്രകാരമുള്ള 20 വർഷം ശൂന്യവേതനാവധി

എന്നുള്ളത് 5 വർഷമാക്കി ചുരുക്കിയിരുന്നു. എന്നാൽ ടിയാന് 25.06.2022 വരെ ജോബ് കോൺട്രാക്റ്റ് നിലനിന്നിരുന്നതിനാൽ 26.03.2021 മുതൽ 25.06.2022 വരെ അവധി ദീർഘിപ്പിച്ചു നൽകണമെന്ന് അപേക്ഷ നൽകിയിരുന്നു. എന്നാൽ പരാമർശം (3) പ്രകാരം ടി അപേക്ഷ സർക്കാർ നിരസിച്ചിരുന്നു. എന്നാൽ ടിയാൻ പരാമർശം (4) പ്രകാരം ഫയൽ ചെയ്ത കേസിലെ വിധിയെ തുടർന്ന് 24.02.2022 വരെ ടിയാന് ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകി പരാമർശം (5) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

എന്നാൽ പരാമർശം (5) ഉത്തരവ് യഥാസമയം കൈപ്പറ്റുവാൻ സാധിക്കാതിരുന്നതിനാൽ നിലവിൽ വിദേശത്ത് ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യുവാൻ സാധിക്കുകയില്ലെന്നും ക്ഷീരവികസന വകുപ്പിൽ ജോലി തുടർന്ന് ചെയ്യണം എന്നതാണ് ആഗ്രഹം എന്നും നിലവിലെ ചട്ടങ്ങൾ പ്രകാരം അത് സാധ്യമാകാത്തപക്ഷം ടി കത്ത് രാജി കത്തായി പരിഗണിച്ച് നിലവിലുള്ള ചുമതലകളിൽ നിന്നും വിടുതൽ ചെയ്യണം എന്ന് കാണിച്ച് പരാമർശം (6) പ്രകാരം ശ്രീ. മധു ആർ നായർ കത്ത് നൽകിയിരുന്നു. പരാമർശം (6) കത്തിന്മേൽ സർക്കാരിലേക്ക് ഈ ഓഫീസിൽ നിന്ന് ഒരു സ്പഷ്ടീകരണം ആവശ്യപ്പെടുകയും ടിയാന്റെ പേരിൽ സർക്കാരിലേക്ക് ബാധ്യതകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് തീർത്ത ശേഷം ശ്രീ. മധു ആർ നായർ സമർപ്പിച്ച രാജിക്കത്ത് പ്രകാരം 21.08.2022 തീയതി പ്രാബല്യത്തിൽ രാജി അനുവദിക്കാവുന്നതാണ് എന്ന് പരാമർശം (7) പ്രകാരം സർക്കാരിൽ നിന്ന് മറുപടി ലഭ്യമാവുകയും ചെയ്തിരുന്നു.

ശ്രീ. മധു ആർ നായർക്ക് വകുപ്പുമായോ സർക്കാരുമായോ ബന്ധപ്പെട്ട് ബാദ്ധ്യതകൾ ഒന്നും ഇല്ലായെന്ന് പരാമർശം (8), (9) പ്രകാരം അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) യും കോഴിക്കോട് ഡി റ്റി സി പ്രിൻസിപ്പാളും കത്ത് നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ. മധു ആർ നായർ, ക്ഷീര വികസന ഓഫീസർ പരാമർശം (6) പ്രകാരം സമർപ്പിച്ചിട്ടുള്ള രാജിക്കത്ത്, കെ എസ് ആർ പാർട്ട് I ചട്ടം 23 സർക്കാർ തീരുമാനം 1 ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടും, പരാമർശം (7) സർക്കാർ കത്തിലെ നിർദ്ദേശങ്ങൾക്ക് വിധേയമായും, **21.08.2022 പൂർവാഹ്നം** പ്രാബല്യത്തിൽ സ്വീകരിച്ചതായി അംഗീകരിച്ചുകൊണ്ടും, ടി തസ്തികയുമായി ബന്ധപ്പെട്ടിട്ടുള്ള യാതൊരുവിധ ആനുകൂല്യങ്ങൾക്കും ഭാവിയിൽ യാതൊരുവിധ അവകാശവും ഉന്നയിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന് അറിയിച്ചുകൊണ്ടും, കെ എസ് ആന്റ് എസ് എസ് ആർ ഭാഗം II ചട്ടം 10 b(iii) ന്റെ അടിസ്ഥാനത്തിൽ ടിയാന് സംസ്ഥാന സർക്കാർ സർവീസിൽ മറ്റ്

ജോലികൾ സ്വീകരിക്കുന്നതിന് അർഹതയില്ലാത്തതിനാൽ രാജി അനുവദിക്കുന്ന അധികാരിയുടെ സമ്മതം കൂടാതെ ടിയാൾക്ക് സർക്കാർ വകുപ്പുകളിൽ മറ്റു ജോലികൾ അനുവദിക്കാൻ പാടില്ല എന്ന നിബന്ധന ഉൾപ്പെടുത്തിയും ഉത്തരവാകുന്നു.

ഡയറക്ടർ

Signed by
Asif K Yusuf
Date: 03-09-2024 12:17:00

ശ്രീ. മധു ആർ നായർ

ചിറയിൽ ഹൗസ്

കോതനല്ലൂർ

മാഞ്ഞൂർ, കോട്ടയം - 686603

(മേലധികാരി മുഖേന)

പകർപ്പ്:- 1) അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം

2) പ്രിൻസിപ്പാൾ, ഡി റ്റി സി, കോഴിക്കോട്

3) ഡയറി ഫാം ഇൻസ്ട്രക്ടർ, ഐ ടി സെൽ

4) ഡയറക്ടറുടെ സി എ

5) ബി3, ഇ എസ്2 സീറ്റുകൾ